<u>15 -ാം കേരള നിയമസഭ</u>

<u>8 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 811</u> <u>06-02-2023 - ൽ മറുപടിയ്ക്ക്</u>

<u>ആദിവാസി കോളനികളിലെ അടിസ്ഥാന സൗകര്യ വികസനം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ . ഷംസുദ്ദീൻ,<br>ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. അബ്ദുൽ ഹമീദ് പി | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആദിവാസി കോളനികളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | പട്ടികവർഗ്ഗ സങ്കേതങ്ങളിലേക്കുള്ള റോഡ്, വൈദ്യുതീകരണം, ശുദ്ധജല വിതരണം, കമ്മ്യൂണിറ്റി ഹാളുകൾ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ മെച്ചപ്പെടുത്താൻ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി, കോർപ്പസ് ഫണ്ട്, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ടി.എസ്.പി ഫണ്ട് എന്നിവ മുഖേന പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| (ബി) | ആദിവാസി മേഖലകളിലേക്കുള്ള റോഡ്, മറ്റ് ഗതാഗത സൗകര്യങ്ങൾ എന്നിവ മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | പട്ടികവർഗ്ഗ സങ്കേതങ്ങളിലേക്കുള്ള റോഡ്, വൈദ്യുതീകരണം, ശുദ്ധജല വിതരണം, കമ്മ്യൂണിറ്റി ഹാളുകൾ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ മെച്ചപ്പെടുത്താൻ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി, കോർപ്പസ് ഫണ്ട്, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ടി.എസ്.പി ഫണ്ട് എന്നിവ മുഖേന പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| (സി) | കഴിഞ്ഞ വർഷം ഡിസംബറിൽ പാലക്കാട് അഗളിയിൽ ആദിവാസി യുവതിയെ പ്രസവവേദനയെ തുടർന്ന് മൂന്നു കിലോമീറ്ററോളം തുണി മഞ്ചലിൽ ചുമന്ന് കാട്ടുവഴികളിലൂടെ ആംബുലൻസിലെത്തിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | വനമേഖലയിലുള്ള കടുകമണ്ണ ഊരിൽ നിന്നും ഭവാനിപ്പുഴയ്ക്ക് കുറുകെയുള്ള തൂക്കുപാലം കടന്ന് ആംബുലൻസിന് എത്താൻ കഴിയുന്ന ഭാഗം വരെയുള്ള ദൂരം മാത്രം ഗർഭിണിയെ ചുമന്ന് കൊണ്ട്പോയി ആംബുലൻസിലെത്തിക്കുകയും തുടർന്ന് കോട്ടത്തറ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയുമുണ്ടായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിദൂര പ്രദേശമായ കടുകമണ്ണ ഉൾപ്പെടെയുള്ള പ്രദേശങ്ങളിലേക്ക് റോഡ് നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ